# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

22.05.2017-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 4991**

## തലശ്ശേരി നിയോജകമണ്ഡലത്തിലെ 'എല്ലാവരും സ്കൂളിനൊപ്പം' എന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്നും തലശ്ശേരി നിയോജകമണ്ഡലത്തിലെ 'എല്ലാവരും സ്കൂളിനൊപ്പം' 'എ കോമ്പ്രിഹെൻസീവ് പ്രോഗ്രാം ടു പ്രൊവൈഡ് ഡിജിറ്റൽ ഫെസിലിറ്റീസ് ടു സ്കൂൾ' എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ), (ബി) , (സി) & (ഡി) എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്നും 'എല്ലാവരും സ്കൂളിനൊപ്പം' - 'എ കോമ്പ്രിഹെൻസീവ് പ്രോഗ്രാം ടു പ്രൊവൈഡ് ഡിജിറ്റൽ ഫെസിലിറ്റീസ് ടു സ്കൂൾ' എന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കുവാൻ വേണ്ട നിർദ്ദേശം കണ്ണൂർ ഡി.ഡി.ഇയ്ക്കും ഡി.പി.ഐക്കും നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ; | |
| (സി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ ലഭ്യമായോ; ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിന് എന്തെങ്കിലും ഇടപെടൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നു ഉണ്ടായോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | |
| (ഡി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ